# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *392 04.02.2014- ൽ മറുപടിക്ക്**

**ദുരന്തനിവാരണ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ ദുരന്തനിവാരണ സംവിധാനം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളെക്കുറിച്ചുള്ള സമഗ്രമായ ഗവേഷണ പഠന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനമുള്ള ശാസ്ത്ര വിഭാഗമാണ് ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെയും ഐ.എൽ.ഡി.എം- ന്റെയും സഹകരണത്തോടു കൂടി പ്രവർത്തിച്ചു വരുന്ന ദുരന്ത സാധ്യതാ അപഗ്രഥനസെൽ. 26.12.2013 ൽ കൂടിയ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ദുരന്ത സാധ്യതാ അപഗ്രഥന സെല്ലിനെ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (എസ്.ഇ.ഒ.സി) ആയി മാറ്റുകയുണ്ടായി. സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (എസ്.ഇ.ഒ.സി) വിഭാവനം ചെയ്യുന്നത് 24 മണിക്കൂറും സുസജ്ജമായ നിരീക്ഷണ പരിരക്ഷണ സംവിധാനമാണ്. അതിനു വേണ്ടി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്ഥലത്ത് പുതിയ ഒരു കെട്ടിട സമുച്ചയം ഉൾപ്പെടെ തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്ര (എസ്.ഇ.ഒ.സി) ത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു.<br><br>24 മണിക്കൂറും പ്രവർത്തന സജ്ജമായ ഒരു കേന്ദ്ര നിരീക്ഷണ സംവിധാനത്തോടു കൂടി വിഭാവനം ചെയ്തിരിക്കുന്ന സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (എസ്.ഇ.ഒ.സി) സംസ്ഥാനത്ത് കാണപ്പെടുന്ന വിവിധ ദുരന്തങ്ങളെ സമഗ്രമായി പഠനവിധേയമാക്കുന്നതും അവയെ പ്രതിരോധിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. അതിനു വേണ്ടി സ്വയം നിയന്ത്രിതങ്ങളായ വിവിധ തരത്തിലുള്ള വെതർസ്റ്റേഷൻ, ഡിസ്ചാർജ്ജ് ഗേജ്, ഭൂകമ്പ മാപിനികൾ എന്നിവയെല്ലാം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമായി (എസ്.ഇ.ഒ.സി) |

| | | | |
|---|---|---|---|
| | | | ബന്ധിപ്പിക്കുകയും ദുരന്തങ്ങളുടെ മുൻകൂട്ടിയുള്ള പ്രവചനം സാദ്ധ്യമാക്കുകയും ചെയ്യുന്നു. ജില്ലകളിലുള്ള ദുരന്ത നിവാരണ സംവിധാനത്തിനുള്ള എല്ലാ നിർദ്ദേശങ്ങളും നൽകുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്നായിരിക്കും. തന്മൂലം കേന്ദ്രീകൃതമായ ഒരു ദുരന്ത നിവാരണ പ്രവർത്തന ശൈലി സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം (എസ്.ഇ.ഒ.സി) വിഭാവനം ചെയ്യുന്നു. |
| (സി) | ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | റവന്യൂ ദുരന്ത നിവാരണ വകുപ്പ്, ആഭ്യന്തരം, ആരോഗ്യം, ശാസ്ത്ര സാങ്കേതികം, അഗ്നിശമനസേന വിഭാഗം, കൃഷി, തദ്ദേശ സ്വയംഭരണം, വ്യവസായം, മൃഗ സംരക്ഷണം, ജലവിഭവ-പൊതുമരാമത്ത് വകുപ്പുകൾ, വനം, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ വകുപ്പുകളാണ് സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്ര (എസ്.ഇ.ഒ.സി) ത്തിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നത്. ഈ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നത് റവന്യൂ ദുരന്ത നിവാരണ വകുപ്പായിരിക്കും. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊണ്ടു വരുന്നു. അതിനോടൊപ്പം കൺട്രോൾ റൂമും അനുബന്ധ സജ്ജീകരണങ്ങളും സജ്ജമാക്കുന്നതിന് ഐ.ബി.എം, ഇന്റർഗ്രാഫ് കമ്പനികളിൽ നിന്നും വിശദാംശങ്ങൾ ക്ഷണിച്ചിട്ടുണ്ട്. 26.12.2013 -ലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ദുരന്ത സാധ്യതാ അപഗ്രഥന സെല്ലിനെ (എച്ച്.വി.ആർ.എ-സെൽ)സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം (എസ്.ഇ.ഒ.സി) ആയി പുനർനാമകരണവും ചെയ്തു. |

സെക്ഷൻ ഓഫീസർ